## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1180** **21.03.2013 ൽ മറുപടിയ്ക്ക്**

### ദുരിതാശ്വാസനിധിയിൽ നിന്നുമുള്ള സഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജി.എസ്. ജയലാൽ: | ശ്രീ. അടൂർ പ്രകാശ് (ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) അപകടമരണം/ചികിത്സാധനസഹായം തുടങ്ങിയ ആവശ്യങ്ങൾക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിക്കുമ്പോൾ 50000/- രൂപയ്ക്ക് മുകളിലുള്ള ആനുകൂല്യം ജനപ്രതിനിധികളെ അറിയിച്ചു വേണം ഗുണഭോക്താക്കൾക്ക് നൽകേണ്ടതെന്ന നിർദ്ദേശം ജി.ഒ.(ആർ.ടി)നമ്പർ.6769/12/റവന്യൂ തീയതി 28.11.12) ഇപ്പോഴും നിലവിലുണ്ടോ; | (എ)മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അപകടമരണം/ചികിത്സാധനസഹായം തുടങ്ങിയവയ്ക്ക് അനുവദിക്കുന്ന ധനസഹായം ഗുണഭോക്താക്കൾക്ക് യഥാസമയം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് വേണ്ടി 50,000/- രൂപയ്ക്ക് മുകളിൽ അനുവദിക്കുന്ന ധനസഹായം മാത്രം ബന്ധപ്പെട്ട എം.എൽ.എ/എം.പി.മാർ മുഖാന്തിരം വിതരണം ചെയ്താൽ മതി എന്ന് നിർദ്ദേശം നൽകി പുറപ്പെടുവിച്ച 28.11.12 ലെ ജി.ഒ.(ആർ.റ്റി) 6769/12/ റവ നമ്പർ സർക്കാർ ഉത്തരവ് ഇപ്പോഴും നിലവിലുണ്ട്. |
| (ബി) കൊല്ലം ജില്ലയിലെ പല താലൂക്കുകളിലും വില്ലേജുകളിലും ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ലായെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) എങ്കിൽ ബന്ധപ്പെട്ടവരോട് ഗവൺമെന്റ് നിർദ്ദേശം പാലിക്കുവാൻ ആവശ്യപ്പെടുമോ? | (സി) സർക്കാർ ഉത്തരവിന്റെ പകർപ്പ് എല്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്. |

Vc-ja

സെക്ഷൻ ഓഫീസർ.